ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്. പഠനറിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കുളങ്ങളും തടാകങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ ഭൂജലവകുപ്പിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

(സി) പുതിയതായി കിണർ കുഴിക്കുന്നതിന് നിയന്ത്രണങ്ങളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

(ഡി) ഇപ്പോൾ മുൻകൂർ അനുമതി ആവശ്യമില്ല.

(ഇ) കിണറുകൾ കുഴിക്കുന്നതിനുള്ള സാങ്കേതിക സഹായം വകുപ്പു നൽകിവരുന്നുണ്ട്. അപേക്ഷ ലഭിക്കുന്നമുറയ്ക്കാണ് ഇതു ലഭ്യമാക്കുന്നത്. കൂടാതെ അപേക്ഷപ്രകാരം ട്യൂബ്‌വെൽ, ബോർവെൽ, ഫിൽട്ടർ, പോയിന്റ് വെൽ എന്നിവ നിർമ്മിച്ചു നൽകുന്നുമുണ്ട്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

1 (1643) ശ്രീ. വർക്കല കഹാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേടായ ഉദ്ദേശം എത്ര വൈദ്യുതി മീറ്ററുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇവ മാറ്റി വയ്ക്കുന്നതിന് എന്ത് ചെലവു വരും ;

(ബി) ഇവ മാറ്റി വയ്ക്കുന്നതുമൂലം എന്തു തുകയുടെ ലാഭം ഉണ്ടാകും എന്നറിയിക്കാമോ ;

(സി) ഇവ മാറ്റി വയ്ക്കാത്തതെന്തുകൊണ്ടാണ് ;

(ഡി) ലാഭം ഉണ്ടാകാനിടയുള്ള പുതിയ മീറ്റർ സ്ഥാപിക്കുകയെന്ന പദ്ധതി വായ്പയെടുത്തു നടപ്പാക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 8,23,261 മീറ്ററുകൾ കേടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവ മാറ്റി വയ്ക്കുന്നതിന് ഏകദേശം 40 കോടി രൂപ ചെലവ് വരും.

(ബി) കണക്കാക്കപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവ മാറ്റി വയ്ക്കുന്ന ജോലി പുരോഗമിച്ചു വരുന്നു.

(ഡി) പത്തനംതിട്ട, മലപ്പുറം, കാസർകോട് എന്നീ ജില്ലകളിലും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ എന്നീ പട്ടണങ്ങളിലും കേന്ദ്ര ഗവൺമെന്റിന്റെ എ.പി.സി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ മീറ്ററുകൾ സ്ഥാപിച്ചുവരുന്നു. മറ്റ് സ്ഥലങ്ങൾ ബോർഡിന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പുതിയ മീറ്ററുകൾ സ്ഥാപിച്ചു വരുന്നു.

വൈദ്യുതി കണക്ഷൻ നൽകാൻ സമയപരിധി

2 (1644) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്ന ഒരാളിന് അപേക്ഷ കൊടുത്താൽ എത്ര നാളിനകം കണക്ഷൻ നൽകിയിരിക്കണമെന്ന് കാല പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നിശ്ചയിച്ചിരിക്കുന്ന കാലപരിധി എത്രയാണ് എന്നറിയിക്കുമോ ;

(സി) കാലപരിധി നിശ്ചയിച്ചിട്ടില്ലെങ്കിൽ അപേക്ഷകന് കണക്ഷൻ നൽകുന്നതിന് കാലപരിധി നിശ്ചയിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ-സി) വൈദ്യുതി കണക്ഷന് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഒ.വൈ.സി. തുക അടയ്ക്കുകയാണെങ്കിൽ ആറു മാസത്തിനകവും അല്ലാത്തപക്ഷം ഓരോ വർഷവും വിദ്യുച്ഛക്തി ബോർഡ് ലക്ഷ്യമിടുന്ന കാലപരിധിയുടെ അടിസ്ഥാനത്തിലും മുൻഗണനാക്രമം അനുസരിച്ചും കണക്ഷൻ നൽകുന്നതാണ്. ബോർഡിന്റെ ഇപ്പോഴത്തെ ടാർജറ്റ് താഴെപറയും പ്രകാരമാണ്.

നോർമൽ പ്രമോഷണൽ കണക്ഷനുകൾ (പോസ്റ്റ് ആവശ്യമുള്ളത്)	2000 ഡിസംബർ വരെ ഉള്ളവ
നോർമൽ പ്രമോഷണൽ കണക്ഷനുകൾ (പോസ്റ്റ് ആവശ്യമില്ലാത്തവ)	2001 ഡിസംബർ വരെ ഉള്ളവ
ലൈൻ എക്സ്റ്റൻഷൻ ആവശ്യമായ കണക്ഷനുകൾ	1997 മാർച്ച് വരെ ഉള്ളവ

LIBRARY ARCHIVES Kerala Legislative Assembly